**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 3831 19.2.2013-ൽ മറുപടിയ്ക്ക് ഉണ്ടായിരുന്നത്

**വൃദ്ധദമ്പതികൾ കഴിയുന്ന വീടുകളിൽ അക്രമം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സാമ്പത്തിക ഭദ്രതയുള്ള വൃദ്ധരായ ദമ്പതികൾ മാത്രം കഴിയുന്ന വീടുകളിൽ കവർച്ച, കൊലപാതകം എന്നിവ സമീപകാലത്ത് വർദ്ധിച്ചുവരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ ഇത് തടയുന്നതിന് ഫലപ്രദമായ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) സാമ്പത്തിക ഭദ്രതയുള്ള വൃദ്ധരായ ദമ്പതികൾ മാത്രം കഴിയുന്ന വീടുകളിൽ കവർച്ച, കൊലപാതകം എന്നിവ സമീപകാലത്ത് വർദ്ധിച്ച വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ സീനിയർ സിറ്റിസൺ സുരക്ഷാ പദ്ധതി ( CARE) യുടെ ഭാഗമായി വോളിൻറിയർ കമ്മറ്റികൾ രൂപീകരിച്ചിട്ടുള്ളതും തനിച്ച് താമസിക്കുന്ന മുതിർന്ന പൗരന്മാരുടെ വിവരങ്ങൾ ശേഖരിച്ചും ആയതിന് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചും മുതിർന്നപൗരന്മാർക്കായി ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ചും അടിയന്തിര ഘട്ടങ്ങളിൽ ആവശ്യമുള്ള ഫോൺ നമ്പരുകൾ ഹെൽപ്പ് ഡയറികൾ, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ അടങ്ങിയ ബ്രോഷറുകളും വിതരണം ചെയ്തിട്ടുമുണ്ട്. മുതിർന്ന പൗരന്മാർ ഒറ്റയ്ക്ക് താമസിക്കുന്ന വീടുകളിൽ പട്ടാ ബുക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. മേൽ നടപടികൾ എല്ലാം തന്നെ മുതിർന്ന പൗരന്മാരുടെ സുരക്ഷയ്ക്കായി കാര്യക്ഷമമായിതന്നെ പ്രവർത്തിച്ച വരുന്നു. |
| (സി) വൃദ്ധ ദമ്പതികളുടെ സംരക്ഷണത്തിനായി പെയ്ഡ് ഓൾഡ് ഏജ് ഹോമുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ